പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1642 — 04.12.2015 ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യകൾ തടയുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷക ആത്മഹത്യകൾ നടന്നിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കർഷകർക്ക് ഔദ്യോഗിക സംവിധാനങ്ങളിൽ നിന്ന് പരിഗണനയും സഹായവും ലഭ്യമാക്കുന്നതിലുള്ള പരാജയം മൂലമാണ് ഇത്തരം ആത്മഹത്യകൾ സംഭവിക്കുന്നത് എന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | കർഷകർക്ക് വായ്പാലഭ്യത ഉറപ്പാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | വാണിജ്യ ബാങ്കുകൾ മുഖേന കിസ്സാൻ ക്രെഡിറ്റ് കാർഡും കേരള ഗ്രാമീൺ ബാങ്ക് മുഖേന അഗ്രി കാർഡും വിതരണം ചെയ്തു വരുന്നു. ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനും കൃത്യമായ തിരിച്ചടവിന് പലിശയിളവ് ലഭിക്കുവാനും ഇവ ഉപയോഗപ്പെടുന്നതാണ്. |
| (ഡി) | കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയിൽ സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയിൽ സംഭരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്.<br>• നാളികേര കർഷകരെ വിലയിടിവിൽ നിന്ന് രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.<br>• പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽ നിന്നും ഹോർട്ടിക്കോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്. |

- സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും (ആനയറ, നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി) ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.
- കർഷകരുടെ ഉല്പന്നങ്ങൾ ന്യായമായ വില നൽകി സംഭരിക്കുന്നതിന് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ (കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ) പ്രവർത്തിച്ചു വരുന്നു.
- കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുമായി വിപണികൾ നടത്തുന്ന ലേലത്തിൽ പങ്കെടുക്കുന്നതിനും ലേലത്തിൽ ലഭിക്കുന്ന തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ അന്നുതന്നെ ലഭിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

Shajma

**സെക്ഷൻ ഓഫീസർ**